"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്- അഗ്രികൾച്ചർ ഡയറക്ടർ ഓഫീസ് വിപുലീകരണവും റിപ്പയറും എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി 14.09 ലക്ഷം രൂപ, മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും വിനിയോഗിച്ച പ്രവൃത്തിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എ.സി)വകുപ്പ്**

സ.ഉ.(സാധാ) നം.319/2022/LSGD തീയതി,തിരുവനന്തപുരം, 14-02-2022

---

പരാമർശം:-

1. ഗ്രാമ വികസന കമ്മീഷണറുടെ 12.07.2019 ലെ 17369/ഡി.പി3/18/സി.ആർ.ഡി നമ്പർ കത്ത്
2. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03.12.2021 ലെ ഡി 1567/19 നമ്പർ കത്ത്
3. 29-1-2018 ലെ സഉ(കൈ)നം 11/18/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ എ.ഡി.എ(അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഓഫീസ്) ഓഫീസ് വിപുലീകരണം എന്ന പ്രവൃത്തിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം 1 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇരിക്കൂർ ബ്ലോക്കിന് കൈമാറിക്കിട്ടിയ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഓഫീസ്, ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ച് വന്നിരുന്നതെന്നും, എന്നാൽ പ്രസ്തുത ഓഫീസിന് സ്ഥലപരിമിതി ഉണ്ടായിരുന്നതിനാൽ മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി, എ.ഡി.എ ഓഫീസ് അറ്റകുറ്റപ്പണി നടത്തി വിപുലീകരിക്കുകയുണ്ടായി. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ, രണ്ടാം നില പണിതത് ആസ്തി ആർജ്ജിക്കലിന് വിനിയോഗിച്ചതായി കണ്ടെത്തുകയും, സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു

2.പദ്ധതികൾക്കായി തുകകൾ വകയിരുത്തി കഴിഞ്ഞതിനാലും, അറ്റകുറ്റപ്പണി നടത്തി വിപുലീകരിക്കുന്നത് ഒരു പ്രവൃത്തിയല്ല എന്ന ആശയത്തിലുമാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തിയതെന്നും, ആയതിൽ യാതൊരു വിധ ക്രമക്കേടുകളും ഉണ്ടായിട്ടില്ലെന്നും പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം പരിഗണിച്ച് ചെലവിന് സാധൂകരണം നൽകണമെന്നും കൂടാതെ പ്രസ്തുത പദ്ധതിക്ക് ശേഷം മെയിന്റനൻസ് ഫണ്ടിന്റെ വകമാറ്റൽ നടന്നിട്ടില്ലെന്നും പരാമർശം 2 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

3.പരാമർശം 3 ഉത്തരവ് പ്രകാരം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ പദ്ധതികൾ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് ഏറ്റെടുക്കാമെന്നുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, അഗ്രികൾച്ചർ ഡയറക്ടർ ഓഫീസ് വിപുലീകരണവും റിപ്പയറും എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി 14.09 ലക്ഷം രൂപ, മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും വിനിയോഗിച്ച പ്രവൃത്തിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം, കേരളം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ